# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 28.06.2025 മുതൽ 02.07.2025 വരെ)

## കോഴിക്കോട്ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.കെ.ഡി. - 51/2025 | തീയ്യതി: 27/06/2025 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 142.0 | 27.9 – 33.0 | 23.4 – 25.0 | 92 – 98 | 00 – 10 |

### ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 28-06-2025 | 29-06-2025 | 30-06-2025 | 01-07-2025 | 02-07-2025 |
|---|---|---|---|---|---|
| മഴ, മി.മീ | 15 | 9 | 1 | 2 | 3 |
| കൂടിയതാപനില, °C | 29 | 29 | 29 | 29 | 29 |
| കുറഞ്ഞതാപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 92 | 92 | 92 | 92 | 92 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 4 | 4 | 3 | 3 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 290 | 250 | 290 | 340 | 290 |
| മേഘവിന്യാസം, ഒക്ടാ | 7 | 7 | 6 | 6 | 6 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ **** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും.<br>ജൂൺ 28 ന് ഒറ്റപ്പെട്ട ശക്തിയായ മഴ.<br>ജൂൺ 29 മുതൽ ജൂലായ് 01 വരെ ശക്തികുറഞ്ഞ മഴ. | | |
| അപായ സൂചന | ജൂൺ 27,28 ന് ഒറ്റപ്പെട്ട ശക്തിയായ മഴയ്ക്ക് സാധ്യത. | | |
| **ആഘാതം** | തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്.<br>നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>കൃഷിയിടങ്ങളിൽ വെള്ളം കെട്ടിനിൽക്കാനുള്ള സാധ്യത. | | |

<table>
<tr><td rowspan="1">പൊതുനിർദ്ദേശങ്ങൾ</td><td colspan="3">ഈദിനങ്ങളിൽ കാർഷികോല്പന്നങ്ങൾ (വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര മുതലായവ) വെയിലത്തിട്ടുണക്കുന്നതിന് തുനിയരുത്.<br><br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br><br>കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്<br><br>വൃക്ഷ വിളകൾ നടാം. വിളകൾ നടുമ്പോൾ,ചെടികൾ തമ്മിൽ ശാസ്ത്രീയമായ അകലം ഉറപ്പാക്കണം. മേൽ മണ്ണിന്റെ കൂടെ ജൈവ വളങ്ങൾ മിശ്രിതം ചെയ്തു വേണം കുഴികൾ മൂന്നിൽ രണ്ടു ഭാഗം നിറക്കാൻ.</td></tr>
<tr><td></td><td colspan="3">ഗ്രാഫ്ട് / ഒട്ടിച്ച ബഡ് തൈകൾ നടുമ്പോൾ ഒട്ടിച്ച ഭാഗം താരനിരപ്പിനു രണ്ടു മുതൽ മൂന്നു സെ. മീ. മുകളിൽ ആയി വരത്തക്കവണ്ണം നടുക. ഓട്ടിനു താഴെ രൂപം കൊള്ളുന്ന ഇലകൾ, ശിഖരങ്ങൾ എന്നിവ അറുത്തു മാറ്റിക്കൊണ്ടിരിക്കുക. തൈക്കുഴികളിലേക്ക് മഴ വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ പറമ്പിൽ കുഴിക്കു ചുറ്റും വരമ്പുകൾ തീർക്കുക.<br><br>വൃക്ഷ വിളകൾക്ക് ഒന്നാം ഗഡു വളം ചേർക്കാൻ അനുയോജ്യമായ സമയമാണ്. സംയോജിത വളപ്രയോഗം രീതി അവലംബിക്കുക.<br><br>മഴയില്ലാത്ത സമയത്ത് / മഴയില്ലാത്ത ഇടവേളകളിൽ മാത്രം കീടനാശിനി തളിക്കുക.കീടനാശിനി മഴവെള്ളത്തിൽ ഒലിച്ചു പോവാതിരിക്കാൻ പശ കൂട്ടിച്ചേർത്ത് പ്രയോഗിക്കാൻ ശ്രദ്ധിക്കുക.<br><br>പുതുതായി നട്ട തെങ്ങിൻ തടങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നുണ്ടെങ്കിൽ അവ വാർത്തു കളഞ്ഞു തടത്തിലെ മേൽമണ്ണ് ഇളക്കി കൊടുക്കുക .ഓല ചീച്ചൽ, മഞ്ഞളിപ്പ് മുതലായവ കാണുന്നുവെങ്കിൽ കുമിൾനാശിനി പ്രയോഗിക്കുക.<br><br>നെല്ലിൽ മഞ്ഞളിപ്പ് കണ്ടാൽ 19:19:19 വളം സ്പ്രേ ചെയ്തുകൊടുക്കാം.<br><br>ശക്തമായ കാറ്റിനെ പ്രതിരോധിക്കാൻ പാവയ്ക്കയ്ക്ക് പന്തൽ നൽകുക.</td></tr>
<tr><td>നെല്ല്</td><td>വിവിധ ഘട്ടം</td><td>ഇലകരിച്ചിൽ<br></td><td>20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തു തളിക്കണം. ബ്ലീച്ചിങ് പൗഡർ കിഴികളിലാക്കി ഏക്കറിന് 2 കിലോ ഇട്ടു കൊടുക്കണം. സ്ട്രെപ്റ്റോസൈക്ലിൻ ഏക്കറിന് 30 ഗ്രാം 200 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക.</td></tr>
<tr><td>തെങ്ങ്</td><td>വിവിധ ഘട്ടം</td><td>കൂമ്പ്ചീയൽ<br></td><td>മണ്ട വൃത്തിയാക്കിയതിനു ശേഷം മുൻകരുതലായി ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും കവിളിൽ ട്രൈക്കോഡെർമ കെയ്ക്ക് നിക്ഷേപിക്കുക.<br>അല്ലെങ്കിൽ<br>മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (2 ഗ്രാം ) തയ്യാറാക്കുക. തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം മുൻകരുതലായി, ഇങ്ങനെയുള്ള മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക.<br>അല്ലെങ്കിൽ<br>തെങ്ങിന്റെ മണ്ടയിലും, കൂമ്പിലും, മുൻകരുതലായി, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക.</td></tr>
</table>

| | | | |
|---|---|---|---|
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം  | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി  | 1% ബോഡോ മിശ്രിതമോ 0.03% കോപ്പർ ഓക്സി ക്ലോറൈഡോ തളിക്കുക. കൂടാതെ 0.5% ബോറക്സും തളിക്കുക<br>ഓരോ കവുങ്ങിൻ തടത്തിലും 1 കിഗ്രാം വീതം കുമ്മായം ചേർക്കുക.<br>രണ്ടാഴ്ച കഴിഞ്ഞു കവുങ്ങൊന്നിന് തടത്തിൽ 100ഗ്രാം ബോറാക്സ്, 250ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, എന്നിവ ചേർത്ത് മണ്ണുമായി യോജിപ്പിക്കുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക<br>രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത് (ഉടൻനടപടിയെടുക്കുക)** | **ജാഗ്രത (തയ്യാറാവുക)** | **ശ്രദ്ധ (കാതോർക്കുക)** | **നിസ്സാരം (നടപടികൾആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസര്
ഗ്രാമീണകൃഷികാലാവസ്ഥസേവപദ്ധതി